# സർക്കുലർ

നമ്പർ. ബി2–37438/97.

പഞ്ചായത്തു ഡയറക്ടാഫീസ്,
തിരുവനന്തപുരം,
തീയതി:28.2.2001

വിഷയം:– കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ റൂൾസ് 1957, ഉപനിയമം '6'– ഭേദഗതി–സംബന്ധിച്ച്.

സൂചന:– സർക്കാരിന്റെ 2.2.2001 ലെ 92/2001/ലാ ഉത്തരവ്.

• • • • • • • • • • • • • • • • • • •

കേരളാ ഹിന്ദു വിവാഹ രജിസ്ട്രേഷൻ റൂൾസ് 1957, ഉപനിയമം '6' സൂചന ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി ചെയ്തിരിക്കുകയാണ്. ഇതനുസരിച്ച് വിവാഹം നടന്ന് 30 ദിവസത്തിനകം ലഭിക്കുന്ന അപേക്ഷകളിൽമേൽ, ബന്ധപ്പെട്ട ലോക്കൽ രജിസ്ട്രാർമാർ നിജസ്ഥിതി ഉറപ്പു വരുത്തി വിവാഹ രജിസ്ട്രേഷൻ നടത്തിക്കൊടുക്കേണ്ടതാണ്. 30 ദിവസത്തിന് ശേഷം "ലഭിക്കുന്ന വിവാഹ റിപ്പോർട്ടുകൾ ശേഖരിച്ചു രജിസ്ട്രേഷൻ നടത്തുന്നതിന് വിവാഹ രജിസ്ട്രാർ ജനറലിന്റെ (പഞ്ചായത്തു ഡയറക്ടർ) പ്രത്യേകാനുമതി ആവശ്യാണ്.

ആയതിനാൽ വിവാഹം നടന്ന് 30 ദിവസങ്ങൾക്കു ശേഷം ലഭിക്കുന്ന വിവാഹ റിപ്പോർട്ടുകളിൽ മേൽ ആവശ്യമായ അന്വേഷണം നടത്തി, മതിയായ രേഖകളും വ്യക്തമായ ശുപാർശയോടും കൂടി, (വിവാഹ റിപ്പോർട്ടിന്റെ അസ്സൽ സഹിതം) വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക അനുമതിക്കു വേണ്ടിയുള്ള പ്രൊപോസൽ (വിവാഹ രജിസ്ട്രാർ ജനറലിനോട് പ്രത്യേകാനുമതിക്കപേക്ഷിച്ചു കൊണ്ടുള്ള വധുവിന്റെയും വരന്റെയും സംയുക്താപേക്ഷയുൾപ്പെടെ) വിവാഹ രജിസ്ട്രാർ ജനറലിന്, ലോക്കൽ രജിസ്ട്രാർ സമർപ്പിക്കേണ്ടതാണ്.

വിവാഹ രജിസ്ട്രേഷന്റെ സുഗമമായ പ്രവർത്തനത്തിന് മേൽ നിബന്ധനകൾ എല്ലാ ലോക്കൽ രജിസ്ട്രാർമാരും കർശനമായി പാലിക്കേണ്ടതാണ്.

വിവാഹ രജിസ്ട്രാർ ജനറൽ

എല്ലാ ജില്ലാ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

എല്ലാ പഞ്ചായത്തു സെക്രട്ടറിമാർക്കും

എക്സിക്യൂട്ടീവ് ഓഫീസർ–കണ്ണൂർ, കന്റോൺമെന്റ്,

അധികം/സംഭരണ ഫയൽ